(സി) പുല്ലുമേട്ടിൽ നടന്ന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തു നടപടികൾ വേണമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു. മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശബരിമല പുല്ലുമേട് ദുരന്തത്തിൽപ്പെട്ടവർക്കായി പ്രഖ്യാപിച്ച സഹായം

213(421) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല പുല്ലുമേട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തൊക്കെ സഹായങ്ങളാണ് പ്രഖ്യാപിച്ചതെന്ന് വിശദീകരിക്കുമോ ;

(ബി) ശബരിമല പുല്ലുമേട് ദുരിതബാധിതർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ശബരിമല പുല്ലുമേട് ദുരന്തത്തിൽപ്പെട്ടു മരിച്ചവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപയും(രണ്ടര ലക്ഷം രൂപ സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും രണ്ടര ലക്ഷം രൂപയും) കേന്ദ്ര സർക്കാർ ഒരു ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും നിസ്സാര പരിക്കേറ്റവർക്ക് 25,000 രൂപയും നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരിക്കേറ്റവർക്ക് കേന്ദ്ര സർക്കാർ 50,000 രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ള തുക നൽകാൻ വേണ്ടി ബഹു. ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. സർക്കാരിൽ നിന്നുള്ള തുക നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ശബരിമല പുല്ലുമേട് ദുരന്തം

214(422) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല (പുല്ലുമേട്) ദുരന്തസ്ഥലം സന്ദർശിച്ച ലോക്സഭാ പ്രതിപക്ഷനേതാവ് സർക്കാരിനെ വിമർശിച്ചുകൊണ്ട് നടത്തിയ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശബരിമല ദർശനം നടത്തുന്ന അയ്യപ്പഭക്തന്മാർക്ക് വേണ്ട, വെളിച്ചവും, കുടിവെള്ളവും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly